# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 3, No. 10 : ഒക്ടോബർ 2010**
**മലയാളം മാസ പത്രിക**

**വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**

*ധർമ്മ വാണി*

*പുബ്ബേ ഹനതി അത്താനം,*
*പച്ഛാ ഹനതി സോ പരെ.*
*സുഹതം ഹന്തി അത്താനം,*
*വീതംസേനേവ പക്ഖിമാ.*

ആദ്യം സ്വയം ഹനിക്കുന്നു,
പിന്നിട് മാത്രമെ മറ്റുള്ളവരെ ഹനിക്കുന്നുള്ളു.
വേട്ടയാടുന്ന പക്ഷി ആദ്യം
സ്വന്തം സുഖം നശിപ്പിക്കുന്നതുപോലെ.

— **ഖുദ്ദക നികായ, ഥേരഗാഥാപാളി,** (വീ.ആർ.ഐ. 4.190)

# ധർമ്മം ധാരണം ചെയ്യാനുള്ളതാണ്, ജീവിതത്തിൽ പാലിക്കാനുള്ളതാണ്

**എസ. എൻ. ഗോയങ്ക**

*(ജീ–ടീവിയിൽ തുടർച്ചയായി 44 ഭാഗങ്ങളായി പ്രസാരണം ചെയ്ത ഗോയങ്കജീയുടെ പ്രവചനങ്ങളുടെ 9 ാം ഭാഗം.)*

ധർമ്മം ജീവിതത്തിൽ പാലിച്ചാലെ ധർമ്മമാകുകയുള്ളു. ആചരണത്തിൽ വന്നാലെ ധർമ്മമാകുകയുള്ളു അല്ലെങ്കിൽ പുസ്തകങ്ങളിലെ ധർമ്മം, ഗ്രന്ഥങ്ങളിലെ ധർമ്മം, ഇത്തരം പ്രവചനങ്ങളിലെ ധർമ്മം, അമ്പലങ്ങളിലെ ധർമ്മം, മുസ്ലീം പള്ളികളിലെ ധർമ്മം, ക്രിസ്ത്യൻ പള്ളികളിലെ ധർമ്മം. ചൈത്യത്തിലെ ധർമ്മം. ധർമ്മം ജീവിതത്തിൽ വന്നില്ലെങ്കിൽ അതുകൊണ്ട് നമുക്ക് എന്താണ് ഉപകാരം? ആർക്കായാലും എന്താണുപകാരം? ജീവിതത്തിൽ വരണം. അതിനാലാണ് പറഞ്ഞത് – **സബ്ബ പാപസ്സ ആകരണം** – മുഴുവൻ പാപകർമ്മങ്ങളിൽ നിന്നും രക്ഷപ്പെടണം. പാപകർമ്മങ്ങളിൽ നിന്ന് രക്ഷപ്പെട്ടാലെ ധർമ്മം ജീവിതത്തിൽ വരികയുള്ളു. പാപകർമ്മങ്ങളിൽ ഏർപ്പെട്ടാൽ, ദുഷ്കർമ്മങ്ങളിൽ ഏർപ്പെട്ടാൽ, ജീവിതം ദുരാചരണത്താൽ നിറയപ്പെടും. എന്നാൽ ഈ ഭ്രമത്തിൽ ആയിരിക്കും – ഞങ്ങൾ ധാർമ്മികരാണ്, ഞങ്ങൾ ധർമ്മവാനാണ്, എങ്കിൽ ചതിയോടു ചതിയാണ്, ചതിയോട് ചതിയാണ്. കൂടാതെ – **കുസലസ്സ ഉപസമ്പദ** – പുണ്യകർമ്മങ്ങൾ ചെയ്യണം. നമ്മുടെ ചിത്തവൃത്തികൾ പുണ്യമായാലെ പുണ്യ പ്രവൃത്തികൾ നടക്കുകയുള്ളു. നമ്മുടെ മനസ്സിന്റെ മേലെ നമ്മുടെ ആധിപത്യം വരണം. ചിത്തം കുശലമാണ്, അതിനുമേൽ നമ്മുടെ ആധിപത്യം ഉണ്ടെങ്കിൽ മുഴുവൻ കർമ്മങ്ങളും തന്നെത്താൻ പുണ്യമായിക്കൊണ്ടുപോകും. ആചരണം സദാചരണമായി മാറിക്കൊണ്ടിരിക്കും. കർമ്മം സത്കർമമ്മായിക്കൊണ്ടിരിക്കും. മതി, ധർമ്മം വന്നു കഴിഞ്ഞു. അതല്ലാതെ മറ്റെന്താണ് ധർമ്മം!

പാപത്തിൽ നിന്ന് രക്ഷപ്പെടണം, പുണ്യത്തിൽ ഏർപ്പെടണം. വളരെ ഋജുവായ കാര്യമാണ്. ഏതെങ്കിലും ഒരു സമ്പ്രദായത്തിന്റെ കാര്യമല്ല. ഏതെങ്കിലും ഒരു വർണ്ണത്തിന്റെ, ഏതെങ്കിലും വംശത്തിന്റെ, ഏതെങ്കിലും ഒരു ജാതിയുടെ, ഏതെങ്കിലും ഒരു സമാജത്തിന്റെ, ഏതെങ്കിലും ഒരു സമൂഹത്തിന്റെ കാര്യമല്ല. എല്ലാവരുടെയും കാര്യമാണ്. മനുഷ്യവംശത്തിന്റെ കാര്യമാണ്. മനുഷ്യൻ സാമൂഹ്യജീവിയാണ്. ഗൃഹസ്ഥൻ സ്വന്തം കുടംബത്തിലെ അംഗങ്ങൾക്കൊപ്പമാണ് താമസിക്കുന്നത്. സമൂഹത്തിലെ അംഗങ്ങൾക്കൊപ്പമാണ് താമസിക്കുന്നത്. ഗൃഹസ്ഥനല്ല, സന്യാസിയാണെങ്കിലും ലോകത്തിൽ നിന്ന്, സമാജത്തിൽ നിന്ന് ദൂരെ പോകാൻ സാധിക്കില്ല. സമാജവുമായി സമ്പർക്കം ഉണ്ടായിരിക്കുക തന്നെ ചെയ്യും. അതായത് ഓരോ വ്യക്തിക്കും സമഷ്ടിയുമായി സമ്പർക്കം ഉണ്ടായിരിക്കുക തന്നെ ചെയ്യും. ആയതിനാൽ ഓരോ വ്യക്തിക്കും ഈ ഉത്തരവാദിത്വം ഉണ്ട്, അവന്റെ ചുമതലയുണ്ട് എന്തെന്നാൽ അവൻ അന്യ പ്രാണികളുടെ സുഖവും ശാന്തിയും നഷ്ടപ്പെടുത്തുന്ന ഒരു തരത്തിലുള്ള പ്രവൃത്തിയും ചെയ്യരുത്. പ്രവൃത്തി മൂലം അന്യ പ്രാണിക്ക് അഹിതമുണ്ടാക്കരുത്, അന്യ പ്രാണികൾക്ക് അമംഗളമുണ്ടാകരുത്. അത്തരത്തിലുള്ള ഒരു ജോലിയും വാക്കാലും ശരീരത്താലും ചെയ്യുന്നില്ലെങ്കിൽ പാപത്തിൽ നിന്നും വിടുതൽ ലഭിക്കുക തന്നെ ചെയ്തു. കൂടാതെ

അത്തരത്തിലുള്ള ജോലിയെ ചെയ്യാവൂ, അതുമൂലം അന്യ പ്രാണികൾക്ക് ഹിതമുണ്ടാകണം, അതുമൂലം അന്യ പ്രാണികൾക്ക് മംഗളമുണ്ടാകണം, ഐശ്വര്യമുണ്ടാകണം, എങ്കിൽ ധർമ്മം തന്നെ ധർമ്മമായിത്തീരും.

ഒരു വ്യക്തി ധർമ്മിഷ്ടനാണോ അതോ അധർമ്മിഷ്ടനാണോ; പാപിയാണോ പുണ്യ ശാലിയാണോ; അത് അളക്കാനുള്ള അളവുകോൽ – അവൻ എത്തരം ജോലിയാണ് ചെയ്തു കൊണ്ടിരിക്കുന്നത്. മനസ്സിനെ കുശല ചിത്തവൃത്തികളാൽ നിറച്ച്, നല്ല ചിത്തവൃത്തികളാൽ നിറച്ച്, അതിനെ സ്വന്തം വശത്താക്കി, സദാചാര ജീവിതം നയിക്കാൻ വളരെ ബുദ്ധിമുട്ടുണ്ട്. ദുരാചാരത്തിൽ നിന്ന് വിട്ടു നില്ക്കാൻ വളരെ ബുദ്ധിമുട്ടുണ്ട്. എന്നാൽ മംഗളമാകട്ടെ ഇതിലാണ്. കൂടാതെ പ്രയ്ത്നം ചെയ്താൽ കഷ്ടവുമില്ല. പ്രയത്നം തന്നെ ചെയ്യുന്നില്ല, അതിനാൽ തോന്നുന്നു – വളരെ കഠിനമാണ്. പാവം ദുർബല മനുഷ്യൻ അതിൽ നിന്നും വിടുതൽ ലഭിക്കാനായി ഒന്നല്ലെങ്കിൽ മറ്റൊരു വഴി തിരയുന്നു എന്നാൽ ഈ രാജമാർഗ്ഗത്തിലൂടെ നടക്കാൻ ആഗ്രഹിക്കുന്നില്ല. ഈ രാജപഥത്തിൽ നടക്കുന്നതിന് കഷ്ടപ്പാടുണ്ട് അതു കാരണം ഏതെങ്കിലും ചെറിയ–വലിയ ഇടവഴി തിരയുന്നു, അത് അന്ധകാരം നിറഞ്ഞ ഇടവഴിയാണെങ്കിലും ശരി. മുന്നോട്ടു പോയാൽ കുരുങ്ങും, എന്നാലും ഏതെങ്കിലം വഴി തിരയുന്നു – ഈ കഷ്ടം മുഴുവൻ എടുക്കേണ്ടി വരരുത്, എന്നാലൊ ധർമ്മിഷ്ഠൻ എന്നു വിളിക്കപ്പെടുകയും വേണം. അതിനാൽ ഏതെങ്കിലും ആചാരാ നുഷ്ഠാനത്തിൽ ഏർപ്പെടുന്നു എന്നിട്ട് ജനങ്ങളെ വഞ്ചിക്കുന്നു – നോക്കൂ, ഞാൻ ഈ ആചാരാനുഷ്ഠാനം ചെയ്യുന്നുണ്ടല്ലൊ! അതിനാൽ ധർമ്മഷ്ഠനാണ്. ഞാൻ ഇന്ന ആചാരാനുഷ്ഠാനം ചെയ്തു, ഇന്ന ആചാരനുഷ്ഠാനം ചെയ്തു, അതിനാൽ ഞാൻ ധർമ്മിഷ്ഠനാണ്. തന്നെ തന്നെ വഞ്ചിക്കുന്നു – ഞാൻ വലിയ ധർമ്മിഷ്ഠനാണ്, എന്തെന്നാൽ ഞാൻ ഈ ആചാരാനുഷ്ഠാനം ചെയ്തു, ഞാൻ ആ ആചാരാനുഷ്ഠാനം ചെയ്തു. ഭിന്ന ഭിന്ന സമാജത്തിലെ ജനങ്ങൾ, ഭിന്ന ഭിന്ന സമൂഹത്തിലെ ജനങ്ങൾ, ഭിന്ന ഭിന്ന സമ്പ്രദായത്തിലെ ജനങ്ങൾ സ്വന്തം സ്വന്തം പരമ്പരയിലെ ആചാരാനുഷ്ഠാനങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നു.

ഞാൻ അമ്പലത്തിൽ പോയി – ഏതെങ്കിലും ആചാരാനുഷ്ഠാനം പൂർത്തീകരിച്ചു. മറ്റാരെങ്കിലും മുസ്ലീം പള്ളിയിൽ പോയി ഒരു ആചാരാനുഷ്ഠാനം പൂർത്തീകരിച്ചു. മറ്റാരെങ്കിലും ക്രിസ്ത്യൻ പള്ളിയിൽ പോയി സ്വന്തം ഏതെങ്കിലും ആചാരാനുഷ്ഠാനം പൂർത്തീകരിച്ചു. മറ്റാരെങ്കിലും ഒരു ബൗദ്ധന്മാരുടെ ചൈത്യത്തിൽ പോയി അവിടെ ഒരു ആചാരാനുഷ്ഠാനം പൂർത്തീകരിച്ചു. മറ്റാരെങ്കിലും ഗുരദ്വാരയിൽ പോയി, ആചാരാനുഷ്ഠാനം പൂർത്തീകരിച്ചു. അചാരാനുഷ്ഠാനമാകട്ടെ പൂർത്തീ കരിച്ചു എന്നാൽ ആചരണം എങ്ങനെയാണ്? അതിലേക്ക് ശ്രദ്ധിക്കുന്നില്ല. ആചരണമാകട്ടെ ദുരാചരണത്തോടു ദുരാചരണം. ശരീരത്താലും വാണിയാലും ഏതൊരു പ്രവൃത്തി ചെയ്യുന്നോ അത് അന്യജനങ്ങൾക്ക് സുഖശാന്തി നല്കുന്നതല്ല, നേരെ മറിച്ച് അവരുടെ സുഖശാന്തി ഭംഗമാക്കുന്നതാണ്. അന്യജനങ്ങൾക്ക് മംഗളം ചെയ്യുന്നതല്ല, അമംഗളം ചെയ്യുന്ന ജോലിയാണ്. എന്നിരുന്നാലും തന്നെത്താൻ അത്ഭുതകരമായ വഞ്ചനയിൽ നിറുത്തുന്നു – 'ഞാൻ വളരെ ധർമ്മിഷ്ഠനാണ്, ഞാൻ വളരെ ധർമ്മിഷ്ഠനാണ്'. അത്തരം വ്യക്തി ശരിയായ അർത്ഥത്തിൽ എങ്ങനെ ധർമ്മിഷ്ഠനായിത്തീരും? അവന്റെ ജീവിതത്തിൽ ശരിയായ ധർമ്മം എങ്ങനെ വന്നു ചേരും? കാരണം അവൻ ഇതേ കാര്യത്താൽ വളരെ സന്തുഷ്ടനായിത്തീരുന്നു – ഞാൻ ഈ ആചാരാനുഷ്ഠാനം പൂർത്തീകരിച്ചു, ഞാൻ ആ ആചാരാനുഷ്ഠാനം പൂർത്തീകരിച്ചു.

കുറച്ചു വ്യക്തികൾ ഇത്തരത്തിലും ഉണ്ട്, അവർ മനസ്സിലാക്കുന്നു – ഈ പുറമെ, പുറമെയുള്ള ആചാരാനുഷ്ഠാനങ്ങളിൽ എന്താണുള്ളത്? ഇതി നാൽ മനുഷ്യൻ ധർമ്മിഷ്ഠനായിത്തീരുന്നില്ല. ഈ പുറമെ പുറമെയുള്ള വേഷഭൂഷയിൽ എന്താണുള്ളത്? ഇതിനാലും മനുഷ്യൻ ധർമ്മിഷ്ഠനായിത്തീരുന്നില്ല. അവർ അവർക്കായി മറ്റെന്തെങ്കിലും കുരുക്ക് തയ്യാറാക്കുന്നു – ഞാൻ ഇത്തരം ദർശന വിശ്വാസത്തെ വളരെ ദൃഢമായി വിശ്വസിക്കുന്നവനാണ്, കൂടാതെ ഭിന്ന ഭിന്ന സമ്പ്രദായങ്ങളുടെ ഭിന്ന ഭിന്ന ദർശന വിശ്വാസങ്ങൾ. അയ്യോ, ഈ സമ്പ്രദായങ്ങളുടെ നിർമ്മാണം തന്നെ ഒന്നല്ലെങ്കിൽ മറ്റൊരു ദർശനവിശ്വാസം മൂലമാണ് ഉണ്ടാകുന്നത്. ഇവയുടെ വളർച്ചയും ഒന്നല്ലെങ്കിൽ മറ്റൊരു ദർശനവിശ്വാസം മൂലമാണ് ഉണ്ടാകുന്നത്. ഇവയുടെ അസ്തിത്വം ഒന്നല്ലെങ്കിൽ മറ്റൊരു ദർശനവിശ്വാസം മൂലമാണ് ഉണ്ടാകുന്നത്. അതിനാൽ സ്വയം വലിയ ധർമ്മവാനാണ് എന്ന് വിശ്വസിക്കും. ഇന്ന സമ്പ്രദായത്തിന്റെ പരമ്പര, അത് ഇത്തരം ദർശനവിശ്വാസത്തിൽ വിശ്വസിക്കുന്നു. കൂടാതെ ആ സമ്പ്രദായത്തിന്റെ വ്യക്തി വിശ്വസിക്കുന്നു – 'നോക്കൂ, ഞാൻ ഈ ദർശന വിശ്വാസത്തിൽ വിശ്വസിക്കുന്നവൻ, കൂടാതെ വളരെ ദൃഢതയോടെ വിശ്വസിക്കുന്നവൻ, എന്നെ പ്പോലെ ധർമ്മിഷ്ഠൻ ആരുണ്ടാകും! അയ്യോ, ഈ മനുഷ്യരെ നോക്കൂ എത്ര അധർമ്മഷ്ഠരാണ്. ഇത്രയും ശരിയായ ദർശനവിശ്വാസമാണ്, ഇതിനെ വിശ്വസിക്കുന്നില്ല.' എല്ലാ സമ്പ്രദായവിശ്വാസികളും സ്വന്തം ദർശന വിശ്വാസത്തെ ശരിയായ ദർശനമെന്ന് വിളിക്കും, മറ്റുള്ളവരുടെ വിശ്വാസത്തെ മിഥ്യാ ദർശനമെന്നും വിളിക്കും. മനസ്സിലാക്കുന്നേയില്ല – ശരി എന്താണ്? മനസ്സിലാക്കുന്നേയില്ല – ദർശനം എന്താണ്? പാവങ്ങൾ കുരുക്കിലാണ്, എന്തു ചെയ്യാം? കുരുക്കോടു കുരുക്ക്. ആലോചിച്ച് നോക്കുന്നേയില്ല – ഈ ദർശനവിശ്വാസത്തിൽ വിശ്വസിച്ചാൽ എന്റെ കർമ്മം നേരെയായോ? എന്താ എന്റെ ചിത്തത്തിന്റെ വികാരം നീങ്ങിയോ? എന്റെ ചിത്തം നിർമ്മലമായോ? കൂടാതെ എന്താ ആ നിർമ്മലമായ ചിത്തം പെരുമാറ്റത്തിൽ വരാൻ തുടങ്ങിയോ? ഇത്തരത്തിൽ നിരീക്ഷിച്ചു നോക്കിക്കൊണ്ടിരുന്നാൽ ഒരു ദോഷവുമില്ല. എന്നാൽ ഏതെങ്കിലും ദർശന വിശ്വാസത്തിനെപ്പറ്റി ഇത്ര ആഴത്തിലുള്ള അന്ധവിശ്വാസം ഉണ്ടാകാറുണ്ട്, ഇത്ര ആഴത്തിലുള്ള ആസക്തി ഉണ്ടാകാറുണ്ട്. അപ്പോൾ ധർമ്മത്തിന്റെ സാരം വിട്ടുപോകുന്നു. കർമ്മം എങ്ങനെ തന്നെ ചെയ്താലും ആ ദർശനവിശ്വാസം തന്നെയാണ് അവർക്ക് പ്രമുഖമായത് .

ഒരു വ്യക്തി ഇതിൽ വിശ്വസിക്കുന്നു – നമ്മുടെ ശരീരത്തിന്റെ ഉള്ളിൽ ഒരു വേറെ വേറെ ആത്മാവിന്റെ വാസമുണ്ട്. അയാളുടെ മനസ്സിൽ ഇതുതന്നെയാണുള്ളത് – ഏതു മനുഷ്യൻ സ്വന്തം ഉള്ളിൽ ആത്മാവിന്റെ അസ്ഥിത്വത്തെപ്പറ്റി സ്വീകരിക്കുന്നുണ്ടോ അവർ വളരെ ധർമ്മിഷ്ഠരാണ്. ഏതൊരുവർ ആത്മാവിന്റെ അസ്ഥിത്വത്തെ സ്വീകരിക്കുന്നില്ലയോ, അവരാകട്ടെ വളരെ അധർമ്മിഷ്ഠരാണ്..

ശരിക്കും ഇതേ പ്രകാരത്തിൽ ഒരു സമ്പ്രദായത്തിന്റെ പരമ്പര ഈ കാര്യത്തിൽ വിശ്വസിക്കുന്നില്ല – നമ്മുടെ ഉള്ളിൽ ഒരു വേറെ വേറെ ആത്മാവുണ്ട് എന്ന്. അയാളുടെ പരമ്പര പറയുന്നു, ഒരു തരത്തിലുള്ള ആത്മാവും ഇല്ല. ആ പരമ്പര പറയുന്നു – ഒരു തരത്തിലുള്ള ആത്മാവും ഇല്ലേ ഇല്ല. ആ പരമ്പരയിലെ വ്യക്തി ഈ ലഹരിയിൽ ലയിച്ചിരിക്കുകയാണ് – 'എന്നെപ്പോലെ ധർമ്മിഷ്ഠൻ ആരുണ്ട്, ഞാൻ സ്വന്തം ഉള്ളിൽ ഏതെങ്കിലും കാല്പനീക ആത്മാവിന്റെ അസ്ഥിത്വത്തെ സ്വീകരിക്കുന്നതേയില്ല. അവരെ നോക്കൂ, എത്ര നീചരാണ്, ഏതൊരു ആത്മാവ് ഇല്ലയോ, അതിനെ സ്വീകരിച്ചു കൊണ്ടു പോകുകയാണ്.' ആലോചിച്ച് നോക്കുന്നതേയില്ല – ആത്മാവിന്റെ അസ്ഥിത്വത്തെ വിശ്വസിക്കാതിരുന്നാൽ നിങ്ങളുടെ മനസ്സിലെ വികാരങ്ങളെ ദൂരീകരിക്കാൻ സഹായം ലഭിച്ചോ? ഈ ആത്മാവിനെ വിശ്വസിക്കാതിരുന്നാൽ നിങ്ങളുടെ ആചരണത്തിൽ ഏതെങ്കിലും മാറ്റം വന്നുവോ? പെരുമാറ്റം നിരീക്ഷിക്കാൻ ആരെങ്കിലും ആലോചിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ, അറിഞ്ഞു കൊണ്ടിരിക്കുകയാണെങ്കിൽ, കൂടാതെ നോക്കി ക്കൊണ്ടിരിക്കുകയാണെങ്കിൽ – ജീവതം മാറി ക്കൊണ്ടിരിക്കുകയാണ്, നല്ലതിലേക്ക് നീങ്ങി ക്കൊണ്ടിരിക്കുകയാണ്, എന്റെ കർമ്മം മാറിക്കൊണ്ടിരിക്കുകയാണ്, നല്ലതിലേക്ക് നീങ്ങി ക്കൊണ്ടിരിക്കുകയാണ്, എങ്കിൽ വളരെ നല്ല കാര്യമാണ്. എന്നാൽ അങ്ങനെ ചെയ്യുന്നില്ലല്ലോ?

അതുപോലെ തന്നെ ആത്മാവിൽ വിശ്വസിക്കുന്നവരും. ഏതെങ്കിലും ഒരു സമ്പ്രദായത്തിലെ ജനങ്ങൾ അത്തരം ആത്മാവിലാണ് വിശ്വസിക്കുന്നത് – ശരീരം എത്ര വലിയതാണോ ആത്മാവും അത്രയും വലുതാണ്. ആര് ഇതിൽ വിശ്വസിക്കുന്നുവോ അവർ ധർമ്മിഷ്ഠരാണ്. ആര് ഇത്തരത്തിൽ വിശ്വസിക്കുന്നി ല്ലയോ എങ്ങനെ ധർമ്മിഷ്ഠനാകും? അവൻ മനസ്സിലാക്കിയിട്ടേയില്ല ആത്മാവ് എന്താണ്? അയ്യോ, ആത്മാവാകട്ടെ എത്ര വലിയ ശരീരമാണോ അത്രയും വലിയതാണ്. അന്യ പരമ്പര പറയും, ഇല്ല, ഇല്ല, ഇല്ല. ആത്മാവാകട്ടെ പെരുവിരൽ പ്രമാണത്തിലുള്ളതാണ്. എത്ര വലിയ പെരുവിരൽ അത്രയും വലിയ ആത്മാവ്. അപ്പോൾ പിന്നെ മറ്റുള്ളവർ വിയോജിക്കും,. അയ്യോ, നിന്റെ പെരുവിരലാകട്ടെ ഇത്ര വലുതാണ്, ഉറുമ്പിന്റെ ആത്മാവ് ഇത്ര വലിയത് എങ്ങനെ ആകും? പിന്നെയും വഴക്കടിക്കും. ഇല്ല, ഇല്ല, ഇല്ല, ഇത് എള്ളിന്റെ അത്രയും വലുതാണ്. അയ്യോ, ഇത്ര സൂക്ഷ്മ സൂക്ഷ്മ അദൃശ്യ ജീവികളുണ്ട്, കണ്ണുകൊണ്ട് കാണാനെ സാധിക്കാത്തത്, അപ്പോൾ എള്ളും അവർക്ക് വലുതാണ്, പറയും രോമത്തിന്റെ അംഗത്തിന്റെ അത്ര വലുപ്പമുള്ളത്. പിന്നെയും വഴക്കടിച്ചുതന്നെയാണ് പോകുന്നത്. സഹോദരാ, രോമത്തിന്റെ അംഗത്തിന്റെ അത്ര വലുതാണെങ്കിലും അല്ലെങ്കിലും, എള്ളിന്റെ അത്ര വലുതാണെങ്കിലും അല്ലെങ്കിലും, തള്ളവിരലിന്റെ അത്ര വലിപ്പമുള്ള താണെങ്കിലും അല്ലെങ്കിലും, മുഴുവൻ ശരീരത്തിന്റെ അത്രയും വലിപ്പമുള്ളതാണെങ്കിലും അല്ലെങ്കിലും എന്താണ് കിട്ടിയത്? ഇതിൽ വിശ്വസിച്ചാലും വിശ്വസിക്കാതിരുന്നാലും എന്താണ് ലഭിച്ചത്? ആലോചിക്കുന്നത് നിറുത്തിയില്ലെ! ധർമ്മത്തിന്റെ പേരിൽ എങ്ങാനും ബുദ്ധിമാത്രം ഉപയോഗിച്ചി രിക്കരുത്. ധർമ്മത്തിൽ ബുദ്ധിയെ അകറ്റി നിറുത്തണം.

അയ്യോ, ധർമ്മത്തിന്റെ ഇത്ര നേരെയുള്ള വ്യഖ്യാനം – നിന്റെ ജീവിതത്തിൽ ധർമ്മം വരുന്നുണ്ടോ അതോ ഇല്ലയോ? നിന്റെ മനസ്സിൽ നിർമ്മലത വരുന്നുണ്ടോ ഇല്ലയോ? നിന്റെ മനസ്സിൽ നിന്നും രാഗം ദൂരമാകുന്നുണ്ടോ ഇല്ലയോ? ദ്വേഷം ദൂരമാകുന്നുണ്ടോ ഇല്ലയോ? മോഹം ദൂര മാകുന്നുണ്ടോ ഇല്ലയോ? ഈ ഏതൊരു അളവുകോലുണ്ടോ അത് എല്ലാവർക്കും ബാധകമാണ്, ഇതുതന്നെയാണ് ധർമ്മത്തിന്റെ അളവുകോൽ. ഇതിനെ മറന്നാൽ പിന്നെ വഴക്കോടു വഴക്കാണ്, ഭിന്നതയോടു ഭിന്നതയാണ്.

ധർമ്മം ഭിന്നമല്ല, ധർമ്മം അഭിന്നമാണ്. ഈ മുഴുവൻ ദർശനവിശ്വാസങ്ങളും വിഭിന്നമാണ് അതിനാൽ ഇവയുടെ ബലത്തിൽ മുഴുവൻ സമ്പ്രദായവും വിഭിന്നമാകുന്നു. ധർമ്മമാണെങ്കിൽ അഭിന്നമായിരിക്കും. ഈ ദർശനവിശ്വാസമായാലും, ആ ദർശനവിശ്വാസമായാലും, ഈ ആചാരാ നുഷ്ഠാനമാണെങ്കിലും, ആ ആചാരാ നുഷ്ഠാനമാണെങ്കിലും, ഈ വേഷഭൂഷയാണെ ങ്കിലും ആ വേഷഭൂഷയാണെങ്കിലും – നിന്റെ കർമ്മം എങ്ങനെയുള്ളതാണ്? **'സബ്ബ പാപസ്സ അകരണം',** മുഴുവൻ പാപകർമ്മങ്ങളിൽ നിന്നു നീ ഒഴിഞ്ഞു നിൽക്കുന്നുണ്ടോ അതോ ഇല്ലയോ? **'കുസലസ്സ ഉപസമ്പദാ'** കുശലകർമ്മങ്ങളുടെ, പുണ്യ കർമ്മങ്ങളുടെ സമ്പാദ്യം സമ്പാദിക്കുന്നുണ്ടോ അതോ ഇല്ലയോ? മതി, ഒരേ അളവുകോലാണ്. അത് എല്ലാവർക്കും ബാധകമാണ്. തന്നെ ഹിന്ദു എന്നു വിളിച്ചാലും, ബൗദ്ധനെന്നു വിളിച്ചാലും, ജൈനനെന്നു വിളിച്ചാലും, ക്രിസ്ത്യൻ എന്നു വിളിച്ചാലും, മുസ്ലീം എന്നു വിളിച്ചാലും ഒരു വ്യത്യസവും വരുന്നില്ല. തന്നെ ഭാരതീയനെന്നു വിളിച്ചാലും, ബർമ്മിയെന്നു വിളിച്ചാലും, അമേരിക്കൻ എന്നു വിളിച്ചാലും, റഷ്യൻ എന്നു വിളിച്ചാലും, ഒരു വ്യത്യാസവും വരുന്നില്ല. കർമ്മം എങ്ങനെയാണ്? ധർമ്മമാകട്ടെ കർമ്മത്താലാണ് നിരീക്ഷിക്കപ്പെടുന്നത്. ഈ കാര്യം ഏതൊരു വ്യക്തിക്ക് എത്ര വേഗം മനസ്സിലാകുന്നുവോ അവൻ അന്യ ആചാരാനുഷ്ഠാനം ചെയ്തു കൊണ്ടി രുന്നാലും, അന്യ പ്രകാരത്തിലുള്ള ദർശന വിശ്വാസത്തെ വിശ്വസിച്ചു കൊണ്ടിരുന്നാലും, ഇപ്രകാരത്തിലുള്ള അല്ലെങ്കിൽ അപ്രകാരത്തിലുള്ള വേഷഭൂഷ ധാരണം ചെയ്തുകൊണ്ടിരുന്നാലും, എല്ലാപ്പോഴും ഈ കാര്യത്തിൽ ജാഗരുക നായിരിക്കും – എന്റെ കർമ്മം എപ്രകാരത്തി ലുള്ളതാണ്? എന്റെ ജോലി എത്തരത്തിലുള്ളതാണ്? എന്റെ കർമ്മം എങ്ങാനും ദൂഷിതമല്ലല്ലൊ? എന്റെ ഏതെങ്കിലും കർമ്മത്തിന്റെ കാരണത്താൽ എങ്ങാനും അന്യപ്രാണികൾക്ക് ഹാനി

ഉണ്ടാകുന്നില്ലല്ലൊ? ഞാൻ വാണിയാൽ നുണ പറഞ്ഞു കൊണ്ട് അന്യപ്രാണികളെ വഞ്ചിക്കാനുള്ള ജോലിയൊന്നും ചെയ്യുന്നില്ലല്ലൊ? ഞാൻ വാണിയാൽ കടുവചനം പറഞ്ഞു കൊണ്ട്, കയ്പ്പുള്ള വചനം പറഞ്ഞുകൊണ്ട്, ഏഷണിയുടെ കാര്യം പറഞ്ഞുകൊണ്ട്, പര–നിന്ദയുടെ വചനം പറഞ്ഞുകൊണ്ട് അന്യവ്യക്തിയുടെ മനസ്സൊന്നും ദുഖിപ്പിക്കുന്നില്ലല്ലൊ? അവരെ ദുഖിതരൊന്നും ആക്കുന്നില്ലല്ലൊ? ഉണർവ്വോടെ ഇരിക്കും, സ്വന്തം വാണിയുടെ കർമ്മത്തെപ്പറ്റി ശരിക്കും ഉണർവ്വോടെ ഇരിക്കും.

ഇത്തരത്തിൽ തന്നെ സ്വന്തം ശരീരത്തിന്റെ കർമ്മങ്ങളെപ്പറ്റിയും ഉണർവ്വോടെ ഇരിക്കും. ഞാൻ സ്വന്തം ശരീരത്താൽ ഏതെങ്കിലും അന്യ പ്രാണിയുടെ പ്രാണനൊന്നും എടുക്കുന്നില്ലല്ലൊ? ഞാൻ എന്റെതല്ലാത്ത ഏതെങ്കിലും വസ്തു മോഷ്ടിക്കുന്നില്ലല്ലൊ? തട്ടിയെടുക്കിന്നില്ലല്ലൊ? അതിനെ തന്റേതാക്കുന്നില്ലല്ലോ? ഞാൻ എങ്ങാനും സ്വന്തം ശരീരത്താൽ വ്യഭിചാരമൊന്നും ചെയ്യുന്നില്ലല്ലൊ? ഞാൻ ലഹരി പദാർത്ഥങ്ങളുടെ കാരണം സ്വന്തം മനസ്സിന്റെ നിയന്ത്രണം നഷ്ടപ്പെട്ട് ശരീരത്താൽ മറ്റുള്ളവരുടെ സുഖശാന്തിയൊന്നും നഷ്ടപ്പെടുത്തുന്നില്ലല്ലൊ?

ശരിക്കും മനസ്സിലാക്കിയാൽ മുന്നേറും! സ്വന്തം ഉള്ളിൽ സത്യത്തെ നോക്കുന്ന വഴിയിൽ മുന്നേറിക്കൊണ്ടു പോകും. അപ്പോൾ ഒരു കാര്യം കൂടി വളരെ നല്ല തരത്തിൽ മനസ്സിലാകാൻ തുടങ്ങും – ഞാൻ വചനത്താലും ശരീരത്താലും ദുഷ്കർമ്മം ചെയ്ത് ജനങ്ങളുടെ സുഖശാന്തി ഭഞ്ജിക്കുന്നില്ലെങ്കിൽ, ഞാൻ മറ്റുള്ളവർക്ക് വലിയ ഉപകാരം ചെയ്യുന്നു അല്ലെങ്കിൽ മറ്റുള്ളവരോട് കൃപ കാണിക്കുന്നു – അത്തരത്തിലല്ല മനസ്സിലാക്കണ്ടത്. അന്തർമുഖിയായാൽ, ശരീരത്തിനുള്ളിൽ പോയി സത്യത്തെ നോക്കാൻ തുടങ്ങിയാൽ അപ്പോൾ കാര്യം മനസ്സിലാകും – ഞാൻ മറ്റുള്ളവരുടെയല്ല, സ്വന്തം ഉപകാരം ചെയ്തുകൊണ്ടിരിക്കുകയാണ്. ഞാൻ മറ്റുള്ളവരിൽ കൃപ ചെയ്യുന്നതല്ല, തന്നോടന്നെ കൃപ കാണിക്കുകയാണ് – എപ്പോൾ അന്തർമുഖിയാകുന്നുവോ, എപ്പോൾ ശരീരത്തിൽ സ്ഥിതമാകുന്നോ, അതായത് കായസ്ഥനാകുന്നുവോ – **'നിച്ചം കായഗതാ സതി'** വീണ്ടും വീണ്ടും സ്വന്തം ഉള്ളിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്, ഇതിനെ നോക്കിക്കൊണ്ടിരുന്നാൽ കാണാം – എന്റെ ഉള്ളിൽ വികാരം (മനോമാലിന്യങ്ങൾ) ജനിച്ചു, ഈ ജോലി നന്നായി ചെയ്തു എന്ന് പുറമെ പുറമെ തോന്നാം. എന്നാൽ വാസ്തവത്തിൽ നല്ലതല്ല. ദുഷ്കർമ്മമേ നടക്കുകയുള്ളു, എന്തെന്നാൽ എന്റെ മനസ്സ് വികാരങ്ങളാൽ നിറഞ്ഞിരിക്കുകയാണ്, കൂടാതെ വികാരങ്ങളുടെ ആധാരത്തിൽ ഏതൊരു ജോലി ചെയ്തു കൊണ്ടു പോകുന്നോ അത് തെറ്റേ ആകുകയുള്ളു, ശരി ഒരിക്കലും ആകില്ല. അപ്പോൾ ഇപ്രകാരം കായസ്ഥനായിരിക്കും. ശരീരത്തിനുള്ളിൽ സ്വന്തം മനസ്സിനെ വച്ചു കൊണ്ട് പുറമെയുള്ള ജോലി ചെയ്യും. വിണ്ടും വീണ്ടും സ്വന്തം മനസ്സിനെ നിരീക്ഷിച്ചു കൊണ്ടിരിക്കും, എന്റെ ചിത്തം എത്തരത്തിലുള്ളതാണ്? എന്റെ ചിത്തം എത്തരത്തിലുള്ളതാണ്? ഇതിനാലാണ്. **'സചിത്ത പരിയോദപനം',** സ്വന്തം ചിത്തത്തെ പരിപൂർണ്ണരൂപത്തിൽ നിർമ്മലമാക്കിക്കൊണ്ടിരിക്കും. നിർമ്മലമാക്കുന്നതിനുള്ള ജോലി ചെയ്തു കൊണ്ടിരിക്കും.

എപ്പോൾ കുശല ചിത്തത്താൽ ഏതെങ്കിലും ജോലി ചെയ്യുന്നുവോ അപ്പോൾ മനസ്സിന്റെ പുറമെ പുറമെയുള്ള ചിത്തത്തെ ദൂഷിതചിത്തവൃത്തികളിൽ നിന്നും മാറ്റി നിറുത്തുന്നതിന് പ്രയത്നം ചെയ്യും, കുശല ചിത്തവൃത്തികളെ ധാരണം ചെയ്യുന്നതിന് ശ്രമിച്ചു കൊണ്ടിരിക്കും എന്നിട്ട് അപ്പോൾ ഏതൊരു ജോലി ചെയ്യുമോ അത് നല്ലതാകും. എന്നാൽ അതിനാലും പൂർണ്ണമായ കാര്യം നടക്കില്ല. അന്തർമനസ്സിന്റെ ആഴങ്ങളിൽ പോയാൽ അപ്പോൾ കാണും, അയ്യോ, ബന്ധനത്തോടു ബന്ധനമാണ് ബന്ധിച്ചു കൊണ്ടിരിക്കുന്നത്. എത്ര ബന്ധനസ്ഥൻ, എത്ര വ്യാകുലൻ, എത്ര അസ്വസ്ഥൻ, വികാരത്തോടു വികാരം, വികാരത്തോടു വികാരം. രാഗത്തിന്റെ അഗ്നി ജ്വലിച്ചു കൊണ്ടിരിക്കുകയാണ്, ദ്വേഷത്തിന്റെ അഗ്നി ജ്വലിച്ചു കൊണ്ടിരിക്കുകയാണ്, മോഹത്തിന്റെ അഗ്നി ജ്വലിച്ചു കൊണ്ടിരിക്കുകയാണ്. അയ്യോ, എപ്പോൾ എനിക്കു തന്നെ സുഖശാന്തി ലഭിക്കുന്നില്ലയോ, അപ്പോൾ ഞാൻ ശരിയായ അർത്ഥത്തിൽ മറ്റുള്ളവർക്ക് സുഖശാന്തി എങ്ങനെ കൊടുക്കും? ഈ കാര്യം സ്വന്തം ഉള്ളിൽ നോക്കുന്ന സ്വഭാവമുണ്ടായാൽ ശരിക്കും മനസ്സിലാകാൻ തുടങ്ങും.

പുറമെയുള്ള ലോകത്തിൽ ജീവിച്ചുകൊണ്ട് നമ്മൾ പുറമെയുള്ള ലോകത്തിൽ നിന്ന് വിമുഖമാകില്ല. ഒരു പ്രാവശ്യം ഈ വിദ്യ പഠിക്കുന്നതിന് എപ്പോൾ തപോഭൂമിയിൽ വരുന്നുവോ, അപ്പോൾ പുറമെയുള്ള ലോകത്തിൽ നിന്ന് തന്നെത്താൻ വിച്ഛേദിച്ചുകൊണ്ട് എങ്ങനെ കായസ്ഥനാകാം, ശരീരത്തിനുള്ളിൽ എന്താണ് നടക്കുന്നുകൊണ്ടിരിക്കുന്നത്! ഈ മൂന്നരകൈയ്യുള്ള ശരീത്തിനുള്ളിൽ എന്താണ് നടന്നുകൊണ്ടിരിക്കുന്നത്! ഇതിനെ നിരീക്ഷിക്കാൻ പഠിക്കട്ടെ! ഈ അന്തരീക്ഷത്തിനെ നിരീക്ഷിക്കാൻ പഠിക്കട്ടെ! ഈ വിദ്യ പഠിക്കുകയാണ്, ഇതിനാൽ പുറമെയുള്ള ലോകത്തിൽ നിന്ന് തന്നെത്താൻ മുറിക്കുകയാണ്. എന്നാൽ സഹോദരാ, പിന്നീടാകട്ടെ പുറമെ പോയി ലോകത്തിനൊപ്പം താമസിക്കണമല്ലൊ, കുടുംബത്തിനൊപ്പം സമൂഹത്തിനൊപ്പം, ജനങ്ങൾക്കൊപ്പം, അപ്പോൾ രണ്ടു ജോലിയും ചെയ്യും. ഉള്ളിൽ നിന്ന് വീണ്ടും വീണ്ടും തന്നെത്താൻ നിരീക്ഷിച്ചു കൊണ്ടിരിക്കും, കൂടാതെ പുറമെ സ്വന്തം ജോലിയെയും നിരീക്ഷണം ചെയ്തു കൊണ്ടിരിക്കും – ജോലി എങ്ങനെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്? എന്റെ ഏതെങ്കിലും ജോലിയിൽ ആരുടെയെങ്കിലും സുഖശാന്തിയൊന്നും ഭഞ്ജിതമാകുന്നില്ലല്ലൊ? എന്റെ ഏതെങ്കിലും ജോലിയിൽ ആർക്കെങ്കിലും ദുഖമൊന്നും എത്തുന്നില്ലല്ലൊ? ഏതൊന്ന് ചെയ്തു കൊണ്ടിരിക്കുന്നോ, അതിനാൽ ജനനന്മ ഉണ്ടാകുന്നുണ്ടല്ലൊ? ജനങ്ങൾക്ക് മംഗളം ഉണ്ടാകുന്നുണ്ടല്ലൊ? കൂടാതെ മനസ്സിലാക്കിക്കൊണ്ടു പോകുകയാണ്, എന്റെ നന്മയാകട്ടെ ഇതിൽതന്നെ സമാഹിതമാണ്. ഞാൻ എപ്പോൾ ഏതെങ്കിലും അന്യരുടെ സുഖശാന്തി ഭംഗമാക്കുന്നുവോ അപ്പോൾ ആദ്യം എന്റെ സുഖശാന്തി നഷ്ടമാകുന്നു. ആദ്യം ഞാൻ സ്വന്തം സുഖശാന്തിയെ ഹിംസിക്കുന്നു, ശേഷം മറ്റുള്ളവരുടെ സുഖശാന്തിയെ ഹനിക്കുന്നു. അപ്പോൾ ബുദ്ധന്റെ വാണി വളരെ സ്പഷ്ടമായി അനുഭൂതിയിൽ വരുന്നു.

**'പുബ്ബേ ഹനതി അത്താനം, പച്ഛാ ഹനതി സൊ പരെ'.** മറ്റുള്ളവരുടെ സുഖശാന്തിയുടെ ഹനനമാകട്ടെ പിന്നീടെ ചെയ്യുകയുള്ളു, ആദ്യം സ്വന്തം സുഖശാന്തിയെ ഹനനം ചെയ്യാൻ തുടങ്ങി. വാണിയാൽ ദുഷ്കർമ്മമാകട്ടെ പിന്നെ ചെയ്യും, ശരീരത്താൽ ദുഷ്കർമ്മമാകട്ടെ പിന്നീട് ചെയ്യും, ആദ്യം മനസ്സിൽ വികാരം ഉണർത്തും, വികാരം ഉണർത്തിയാൽ ഉടനെ വളരെ ദുഖിതനാകും, വളരെ അസ്വസ്ഥനാകും, തന്നെത്താനെ ശിക്ഷിക്കാൻ തുടങ്ങി, തന്നെത്താനെ വ്യാകുലനാകാൻ തുടങ്ങി, അതിനുശേഷം മറ്റുള്ളവരെ വ്യാകുലരാക്കും. സ്വന്തം അനുഭൂതിയാൽ മനസ്സിലാക്കിയാൽ ധർമ്മം മനസ്സിലാകാൻ തുടങ്ങി.

അങ്ങനെ ആയാൽ സത്യമായും ധർമ്മം ജീവിതത്തിൽ വരാൻ തുടങ്ങും. ജീവിതത്തിൽ വരുന്നില്ലെങ്കിൽ ധർമ്മത്തിന്റെ പേരിൽ വഞ്ചനയോടു വഞ്ചനയാണ്. മറ്റുള്ളവരെ വഞ്ചിക്കുകയല്ല. തന്നെത്താൻ വഞ്ചിക്കുകയാണ്. മറ്റുള്ളവരെ കബളിപ്പിക്കുകയല്ല, തന്നെ തന്നെ കബളിപ്പിക്കുകയാണ്. ഈ ചതിയിൽ നിന്ന് പുറത്തു വരണം. ധർമ്മത്തിന്റെ ശുദ്ധ സ്വരൂപത്തെ മനസ്സിലാക്കണം എന്നിട്ട് അതിനെ ജീവിതത്തിൽ, ആചരണത്തിൽ കൊണ്ടു വന്നാൽ മംഗളത്തോടു മംഗളം. അപ്പോൾ നന്മയോടു നന്മ. സ്വന്തം മംഗളം, മറ്റുള്ളവരുടെ മംഗളം, സ്വന്തം നന്മ മറ്റുള്ളവരുടെ നന്മ. ആര് ധർമ്മത്തിന്റെ ശുദ്ധസ്വരൂപത്തെ മനസ്സിലാക്കി ധാരണം ചെയ്യുന്നോ അവർക്ക് ശരിക്കും മംഗളം തന്നെ മംഗളം, നന്മ തന്നെ നന്മ, അവർക്ക് സ്വസ്ഥതയോടു സ്വസ്ഥത അവർക്ക് മുക്തിയോടു മുക്തി.

**ധമ്മ കേതന വിപസ്സന മെഡിടേഷൻ സെന്റർ,**
മാമ്പ്ര പോസ്റ്റ്, കോഡുകുളഞ്ഞി, ചെങ്ങന്നൂർ,
കേരള – 689508. Phone: (0479)2351616.
email: info@ketana.dhamma.org.

**ശിബിരങ്ങളുടെ സൂചിക – 2010**

**പത്തു ദിവസ ശിബിരം:** 03.11.2010 to 14.11.2010, 20.12.2010 to 31.12.2010.

**മൂന്നു ദിവസ ശിബിരം:** 14.11.2010 to 17.11.2010

**Contact:** കേരള വിപസ്സന സമിതി, മൈത്രി, നേരചത്തര ലേൻ, പെരണ്ടൂർ റോഡ്, ഏലമക്കര പോസ്റ്റ്, കൊച്ചി–682026. Phone: (0484)2539891: Mobile: 9846569891.

…………………